**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2005** **11-10-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ടൂറിസം പ്രൊട്ടക്ഷൻ&പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മാണത്തിന് ലഭിച്ച ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പൊൻമുടി പോലീസ് സ്റ്റേഷനോട് ചേർന്ന് ടൂറിസം പ്രൊട്ടക്ഷൻ & പോലീസ് അസിസ്റ്റൻസ് സെന്റർ നിർമ്മാണത്തിന് സംസ്ഥാന പോലീസ് മേധാവി അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് എത്ര തുക അനുവദിച്ചു; എത്ര തുക ചെലവായി; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന പോലീസ് മേധാവിയുടെ നടപടിക്രമം പ്രകാരം 20 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 17 ലക്ഷം രൂപ നിർമ്മാണ ചുമതലയുള്ള ഹാബിറ്റാറ്റിന് നൽകിയിട്ടുണ്ട്. |
| (സി) | ടൂറിസ്റ്റുകൾക്കും പൊതുജനങ്ങൾക്കുമായി എന്തെല്ലാം സൗകര്യങ്ങളാണ് ഇവിടെ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | ടൂറിസ്റ്റുകൾക്കും പൊതുജനങ്ങൾക്കും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും ഭയരഹിതമായി പ്രകൃതി ഭംഗി ആസ്വദിച്ച് മടങ്ങിപ്പോകുന്നതിനും ആവശ്യമായ സേവനങ്ങൾ ടൂറിസം പോലീസിന്റെ സഹായത്തോടെ ലഭ്യമാക്കുകയാണ് പ്രസ്തുത ടൂറിസ്റ്റ് സെന്റർ മുഖേന ലക്ഷ്യമാക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദീകരിക്കാമോ? | (ഡി) | ടൂറിസ്റ്റുകൾക്കും പൊതുജനങ്ങൾക്കും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനും ഭയരഹിതമായി പ്രകൃതി ഭംഗി ആസ്വദിച്ച് മടങ്ങിപ്പോകുന്നതിനും ആവശ്യമായ സേവനങ്ങൾ ടൂറിസം പോലീസിന്റെ സഹായത്തോടെ ലഭ്യമാക്കുകയാണ് പ്രസ്തുത ടൂറിസ്റ്റ് സെന്റർ മുഖേന ലക്ഷ്യമാക്കുന്നത്. |

സെക്ഷൻ ഓഫീസർ